# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| മാർച്ച് 29<br>March 29 | 2020 |
| --- | --- |

**1195 മീനം 16 ഞായർ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കോവിഡ് 19:**

**ജില്ലയിൽ കോവിഡ് ആദ്യം സ്ഥിരീകരിച്ച**
**അഞ്ചുപേരുടെ പരിശോധന ഫലം നെഗറ്റീവ്: ജില്ലാ കളക്ടർ**

പത്തനംതിട്ട ജില്ലയിൽ കോവിഡ് 19 ആദ്യം സ്ഥിരീകരിച്ച അഞ്ചുപേരുടെ പരിശോധനാഫലവും നെഗറ്റീവായതായി ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. ജില്ലയിൽ ഇ തുവരെ 12 പേർക്കായിരുന്നു കോവിഡ് 19 സ്ഥിരീകരിച്ചിരുന്നത്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എട്ടുപേരും കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ര ുപേരും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ര ുപേരു മാണു രോഗം സ്ഥിരീകരിച്ച് നിരീക്ഷണത്തിൽ കഴിയുന്നത്. ഇറ്റലിയിൽ നിന്നെത്തി പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിയുന്ന മൂന്നുപേരും അവരുടെ ര ു ബന്ധുക്കളുടെയും പരിശോധനാ ഫലമാണു നെഗറ്റീവായത്.

ഇറ്റലി കുടുംബവുമായി നേരിട്ട് ഇടപഴകിയ ര ുപേർ കോവിഡ് 19 പോസിറ്റീവായി കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിയുന്നു ്. ജില്ലയിൽ കോവിഡ് 19 പോസിറ്റീവായി നിലവിൽ അഞ്ചു പേരാണുള്ളത്.

(പിഎൻപി 1421/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സര്‍ക്കാര്‍

## ഇന്‍ഫര്‍മേഷന്‍ & പബ്ലിക് റിലേഷന്‍സ് വകുപ്പ്
## പത്തനംതിട്ട

| മാര്‍ച്ച് 29 / March 29 | 2020 |
|---|---|

**1195 മീനം 16 ഞായര്‍**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോണ്‍ 0468-2222657


### ജില്ലയിലെ അതിഥി തൊഴിലാളികള്‍ക്കുള്ള എല്ലാ കരുതലുകളൊരുക്കി വിവിധവകുപ്പുകള്‍

കോവിഡ് 19 ന്റെ ഭാഗമായി ലോക്ക് ഡൗണ്‍ നിലനില്‍ക്കുന്ന സാഹചര്യത്തില്‍ ജില്ലയിലെ അതിഥി തൊഴിലാളികള്‍ക്കായി എല്ലാ മുന്‍കരുതലുകളും ഒരുക്കി വിവിധ വകുപ്പുകള്‍. തദ്ദേശസ്വയംഭരണം, ആരോഗ്യം, റവന്യൂ, തൊഴില്‍ വകുപ്പുകളുടെ നേതൃത്വത്തിലാണു വേ മുന്‍കരുതലുകള്‍ ഒരുക്കിയിരിക്കുന്നത്.

ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തില്‍ പരിശോധനയിലൂടെ രോഗലക്ഷണങ്ങള്‍ ക ത്തുന്ന തൊഴിലാളികളെ ജില്ലയിലെ ആറു താലൂക്കുകളിലായി ഒരുക്കിയിരിക്കുന്ന സ്ഥലങ്ങളിലാണു നിരീക്ഷണത്തിലായി പാര്‍പ്പിക്കുക. കൂടാതെ റോഡില്‍ അലഞ്ഞുതിരിഞ്ഞു നടക്കുന്നവരും, ഭിക്ഷാടകരുമായ ആളുകളേയും പ്രത്യേകം സംരക്ഷിക്കും.

തിരുവല്ല താലൂക്കിലെ ഡയറ്റ് യു.പി.എസ്, കാവുംഭാഗം ഗവ. എല്‍.പി സ്കൂള്‍, കോഴഞ്ചേരി താലൂക്കിലെ തൈക്കാവ് ഗവ.എച്ച്.എസ്.എസ്, കുമ്പഴ മൗ ്ബദനി, കോന്നി താലൂക്കിലെ കോന്നി ഗവ. എച്ച്.എസ്.എസ്, റാന്നി താലൂക്കിലെ എം.എസ് ഹയര്‍ സെക്കന്ററി സ്കൂള്‍, മല്ലപ്പള്ളി താലൂക്കിലെ കീഴ്വായ്പ്പൂര്‍ എല്‍.പി, യുപി എച്ച്.എസ്.എസ്, അടൂര്‍ താലൂക്കിലെ പന്തളം മങ്ങാരം ഗവ.യു.പി.എസ് എന്നിവയാണ് സജ്ജീകരിച്ചിട്ടുള്ളത്.

തിരുവല്ലയില്‍ അതിഥി തൊഴിലാളികളെ നിരീക്ഷണത്തില്‍ പാര്‍പ്പിക്കാനായി തിരുവല്ലയിലെ ഡയറ്റ് യു.പി.എസ് ആണ് സജ്ജീകരിച്ചിരിക്കുന്നത്. ഇവിടെ ഇപ്പോള്‍ നിലവില്‍ അഞ്ച് പേരാണു മൂന്നു മുറികളിലായി നിരീക്ഷണത്തിലുള്ളത്. അലഞ്ഞുതിരിഞ്ഞു നടന്നവരെ പാര്‍പ്പിക്കാനായി തിരുവല്ല കാവുംഭാഗം ഗവ.എല്‍.പി സ്കൂള്‍ ക്രമീകരിച്ചിട്ടു ്. നിലവില്‍ ഇവിടെ അഞ്ചുപേരാണുള്ളത്. ഇവര്‍ക്കുള്ള ഭക്ഷണം, കുടിവെള്ളം തുടങ്ങിയ

അവശ്യസാധനങ്ങൾ ലഭ്യമാക്കേ ചുമതല തിരുവല്ല നഗരസഭയ്ക്കാണ്. മരുന്നുകളും മറ്റും ആരോഗ്യവിഭാഗവും ഒരുക്കും.

കോഴഞ്ചേരി താലൂക്കിലെ തൈക്കാവ് ഗവ. എച്ച്.എസ്.എസ്, കുമ്പഴ മൗ ്ബദനി എന്നിവിടങ്ങളിലായാണു നിരീക്ഷണത്തിലുള്ള അതിഥി തൊഴിലാളികൾ, നിരാശ്രയരായവർ എന്നിവരെ പാർപ്പിക്കുക. റാന്നി, കോന്നി, അടൂർ, മല്ലപ്പള്ളി എന്നിവിടങ്ങളിൽ ഈ ര ു വിഭാഗക്കാർക്കും അവർക്കായി സജ്ജമാക്കിയിരിക്കുന്ന സ്കൂളുകളിൽ പ്രത്യേകം പ്രത്യേകം ബിൽഡിംഗുകളിലാണു താമസ സൗകര്യം ഒരുക്കിയിരിക്കുന്നത്. ഇവർക്കുള്ള ഭക്ഷണം, വെള്ളം, അവശ്യസാധനങ്ങൾ എന്നിവ അതത് തദ്ദേശ സ്വയംഭരണസ്ഥാനങ്ങളും മരുന്നും മറ്റും ആരോഗ്യവിഭാഗവും ഒരുക്കി നൽകും. ഓരോ താലൂക്കുകളിലേയും അസിസ്റ്റന്റ് ലേബർ ഓഫീസറന്മാരാണ് ഇതിന്റെ നോഡൽ ഓഫീസറന്മാരായി ചുമതല വഹിക്കുക.

ജില്ലയിലെ അതിഥി തൊഴിലാളികൾ അവർ എവിടെയാണോ താമസിച്ചുവരുന്നത് അവിടെ തന്നെ തുടരേ താണ്. സ്പോൺസർ ഉള്ള തൊഴിലാളികളുടെ ഭക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്പോൺസന്മാർ വഹിക്കണം.

(പിഎൻപി 1422/20)

## അതിഥി തൊഴിലാളികളുടെ ക്യാമ്പിലെ സൗകര്യങ്ങൾ വിലയിരുത്താൻ നിർദേശം

അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളും മറ്റും സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദേശം നൽകി. ഇതിനായി ജനമൈത്രി പോലീസിന്റെ സേവനം വിനിയോഗിക്കാനും നിർദേശിച്ചിട്ടു ്.

(പിഎൻപി 1423/20)

## സമൂഹ അടുക്കളകളിൽ അനധികൃതമായി പ്രവേശിക്കുന്നതു തടയാൻ നിർദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച സമൂഹ അടുക്കളകളിൽ ആൾക്കാർ അനധികൃതമായി കയറുന്നതുടയാൻ കർശന നടപടി സ്വീകരിക്കണമെന്നു സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദേശം നൽകി. ഇതിനായി കൺട്രോൾ റൂമിന്റെയോ അതത് പോലീസ് സ്റ്റേഷനുകളുടെയോ സേവനം വിനിയോഗിക്കണം.

സമൂഹ അടുക്കളകളിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്കു വിതരണം ചെയ്യുന്നതിനു ഭക്ഷണം കൊ ുപോകുന്നവരെ വഴിയിൽ തടയരുതെന്നും നിർദേശിച്ചിട്ടു ്. സമൂഹ അടുക്കളകളിൽ ജോലി ചെയ്യുന്നവരുടെ പേരും വിവരങ്ങളും ശേഖരിക്കണമെന്നും ജില്ലാ പോലീസ് മേധാവിമാരോട് ആവശ്യപ്പെട്ടു.

(പിഎൻപി 1424/20)

**അക്കൗ ിലെത്തിയ സഹായധനം നഷ്ടപ്പെടില്ല:**

**അത്യാവശ്യമില്ലാത്തവർ ബാങ്കുകളിലേക്ക്**
**വരരുത്: ലീഡ് ബാങ്ക് മാനേജർ**

അത്യാവശ്യമില്ലാത്തവർ ബാങ്കുകളിലേക്കു വരരുതെന്ന് ലീഡ് ബാങ്ക് മനേജർ വി.വിജയകുമാരൻ അറിയിച്ചു. സർക്കാർ അനുവദിച്ച വിവിധ പെൻഷനുകൾ, ധനസഹായങ്ങൾ തുടങ്ങിയവ ബാങ്ക് അക്കൗ ിലൂടെ വിതരണം ചെയ്തു തുടങ്ങിയിട്ടു ്. ബാങ്കുകളിൽ ആളുകൾ കൂട്ടം കൂടുന്നതും കറൻസി നോട്ടുകളുടെ അനാവശ്യ കൈകാര്യവും രോഗവ്യാപനത്തിനുള്ള സാധ്യത വർധിപ്പിക്കും. അക്കൗ ിൽ വന്നിട്ടുള്ള തുക ഗുണഭോക്താക്കൾ ആവശ്യത്തിനുമാത്രം പിൻവലിച്ചാൽ മതിയാകും.

തുക പിൻവലിച്ച് വീട്ടിൽ വയ്ക്കുന്നതിനേക്കാൾ സുരക്ഷിതമായി അക്കൗ ിൽ തന്നെ സൂക്ഷിക്കാവുന്നതും പിന്നീട് എപ്പോൾ വേണമെങ്കിലും ആവശ്യാനുസരണം എടുക്കാവുന്നതുമാണ്. ഗുണഭോക്താക്കളുടെ അക്കൗ ിൽ വന്ന തുക അവർ പിൻവലിക്കാത്തതു മൂലം ഒരു കാരണവശാലും തിരികെ സർക്കാരിലേക്കു പോകുന്നതല്ല. അക്കൗ ിൽ പണം വന്നിട്ടു ോ, അക്കൗ ിൽ എത്ര തുക ബാലൻസ് ഉ ് എന്നിവ അറിയാൻ ബാങ്കിൽ നേരിട്ടു പോകാതെ ഫോണിലൂടെ ബന്ധപ്പെട്ട് അറിയാൻ ശ്രമിക്കണമെന്നും ലീഡ് ബാങ്ക് മാനേജർ അറിയിച്ചു.

നിലവിൽ പണം പിൻവലിക്കൽ/ നിക്ഷേപിക്കൽ/ ക്ലിയറിംഗ്, ഡിഡി/നെഫ്റ്റ്/ ആർടിജിഎസ് തുടങ്ങിയ പരിമിത പ്രവർത്തനങ്ങൾ മാത്രമാണു ബാങ്കുകളിൽ നടക്കുന്നത്. പാസ്ബുക്ക് ഇപ്പോൾ പതിക്കുന്നതല്ല. പണം കൈമാറ്റം ചെയ്യുന്നതിന് ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് ആപ്പുകൾ തുടങ്ങിയവ ഉപയോഗിക്കണം. അതിനാൽ കറൻസി ഇടപാടുകൾ ഉടൻ നടത്തേ ആവശ്യമില്ലാത്തവർ സർക്കാർ നിർദേശപ്രകാരം വീട്ടിൽ തന്നെ കഴിയുക. എന്തെങ്കിലും കാരണത്താൽ ബാങ്കിലോ, എടിഎമ്മിലോ പോകുന്നപക്ഷം സാമൂഹിക അകലം പാലിക്കാനും കൈകൾ കഴുകാനും ശ്രമിക്കുക. ഒരേസമയം അഞ്ചു വ്യക്തികൾക്കു മാത്രമായിരിക്കും ബാങ്കിൽ പ്രവേശനം അനുവദിക്കുകയെന്നും അദ്ദേഹം അറിയിച്ചു.

(പിഎൻപി 1425/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 29 | 2020 |
|---|---|
| March 29 | |

1195 മീനം 16 ഞായർ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


## കോവിഡ് 19: ഇറ്റലിയിൽ നിന്നെത്തിയ കുടുംബത്തിന്റെ വീട് അണുവിമുക്തമാക്കി

കോവിഡ് 19 ജില്ലയിൽ ആദ്യം റിപ്പോർട്ട്ചെയ്ത റാന്നി ഐത്തലയിലെ ഇറ്റലിയിൽ നിന്നെത്തിയ കുടുംബ താമസിച്ച ര ുവീടുകൾ ഫയർഫോഴ്സിന്റെയും ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ അണുവിമുക്തമാക്കി. അണുവിമുക്തമാക്കുന്നതിനു വീടുകൾക്ക് അകത്തുംപരിസരത്തും സോഡിയം ഹൈപ്പോ ക്ലോറേറ്റിന്റെ നേർപ്പിച്ച ലായനി ഫയർഫോഴ്സ് ഉദ്യോഗസ്ഥർ സ്പ്രേ ചെയ്തു.

ഇറ്റലിയിൽ നിന്നെത്തിയ കുടുംബാഗങ്ങൾ സ്പർശിക്കാൻ ഇടയുള്ള വീടിന്റെയും പരിസരത്തെയും എല്ലാ വസ്തുക്കളിലും അണുനാശിനി തളിച്ചു. വീടിന് അകത്ത് കുടുംബാംഗങ്ങൾ ഉപയോഗിച്ചിരുന്ന ബെഡ്ഷീറ്റ് ,കസേര പോലെയുള്ളവ സുരക്ഷിതമായി വീടിനു പുറത്ത് കൊ ുവന്ന് അണുനാശിനി തളിച്ചു. പഴവങ്ങാടി പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ ഇൻചാർജ് ഡോ. അബിതമോൾ, പഴവങ്ങാടി പി.എച്ച്.സി ഡോ.എബിൻ മാത്യു, ഹെൽത്ത് ഇൻപെക്ടർ വിനോദ്കുമാർ, ജൂനിയർ ഹെൽത്ത് ഇൻപെക്ടർമാരായ മജിൻസ് മാത്യു, അഗസ്റ്റിൻ എന്നിവർ മുൻകരുതലിന്റെ ഭാഗമായ മാർഗനിർശങ്ങൾ നൽകി.

പത്തനംതിട്ട ഫയർഫോഴ്സ് സ്റ്റേഷൻ ഓഫീസർ വി.വിനോദ്കുമാർ, റാന്നി ഫയർഫോഴ്സ് സ്റ്റേഷൻ ഓഫീസർ ഓമനക്കുട്ടൻ എന്നിവരുടെ നേതൃത്വത്തിലുള്ള പത്തു പേരടങ്ങുന്ന സംഘമാണ് അണുനാശിനി സ്പ്രേ ചെയ്തത്. സിവിൽ ഡിഫൻസ് വാള ിയറും പങ്കാളിയായി. പഴവങ്ങാടി ഗ്രാമപഞ്ചായത്ത് അംഗം ബോബി എബ്രഹാം, മുൻ പഞ്ചായത്തംഗം ഭദ്രൻ കല്ലക്കൽ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഇറ്റലി ഫാമിലി:-***

റാന്നി ഐത്തലയിലെ ഇറ്റലിയിൽ നിന്നെത്തിയ കുടുംബ താമസിച്ച വീടുകൾ ഫയർഫോഴ്സിന്റെയും ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ അണുവിമുക്തമാക്കുന്നു.

(പിഎൻപി 1426/20)

## സേവനം വെളിച്ചമാക്കി വടശേരിക്കര വൈദ്യുതി സെക്ഷൻ

കോവിഡും കൊറോണയുമൊന്നും പ്രശ്നമാക്കാതെ സേവനം വെളിച്ചമാക്കി മാറ്റുകയാണു വടശ്ശരിക്കര വൈദ്യുതി സെക്ഷൻ. ലോകമാകെ കോവിഡ് 19 ഭീതിയിൽ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമാക്കുമ്പോഴും ഇരുട്ടും ശക്തമായ മഴയിൽ തകർന്നുവീഴുന്ന മരങ്ങളുമൊന്നും തങ്ങളുടെ ജോലിക്കു തടസമല്ലെന്നു തെളിയിച്ചു രാവുംപകലും നോക്കാതെ കർമ്മനിരതമായ സേവനത്തിലാണ് ഇവിടുത്തെ ഒരുകൂട്ടം ജീവനക്കാർ.

വൈകുന്നേരങ്ങളിലെ ശക്തമായ മഴയെതുടർന്നു മരങ്ങൾ ഒടിഞ്ഞുവീഴുന്നതും വൈദ്യുതിബന്ധം വേർപെടുന്നതും പതിവാകുകയാണ്. ഈ സമയത്താണ് ഒരു ബാച്ചിലുള്ള ഉദ്യോഗസ്ഥരുടെ ഷിഫ്റ്റ് ഡ്യൂട്ടി തീരുന്നതും അടുത്ത ബാച്ചിന്റെ ഡ്യൂട്ടി ആരംഭിക്കുന്നതും. എന്നാൽ പേമാരിയെ തുടർന്നുള്ള അപകടം മനസിലാക്കിയാൽ പിന്നെ ബാച്ചും ഷിഫ്റ്റും ഡ്യൂട്ടി സമയവും മലയോര മേഖലയിലെ സഞ്ചാര തടസവും ഒന്നും നോക്കാതെ എല്ലാവരുംഒത്തുചേരുകയായി. ഒരു ജനതയെ കോവിഡ് 19 ന്റെ ഇരുളിൽ നിന്നും ജീവിതവെളിച്ചത്തിലേക്കു കൈപിടിച്ചുയർത്തുന്നതിനായി സർക്കാരും ജില്ലാഭരണകൂടവും നടത്തുന്ന തീവ്രയത്ന പരിപാടികളിൽ പങ്കാളികളായി വെളിച്ചം ലക്ഷ്യമാക്കി അവരും ഇരുളിലേക്ക് ഇറങ്ങുകയാണ്.

മിക്കപ്പോഴും ടോർച്ചിന്റെ സഹായത്തോടെയാണു മരങ്ങൾ മുറിച്ചുമാറ്റുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോഴത്തെ സാഹചര്യങ്ങൾ പരിഗണിച്ച് അർദ്ധരാത്രിയായാലും പരമാവധി സ്ഥലങ്ങളിലെ വൈദ്യുതി ബന്ധം പുന.സ്ഥാപിച്ചു നൽകുന്നതിൽ ജീവനക്കാർ ഒരു മടിയും കാണിക്കാറില്ലെന്ന് അസി.എൻജിനിയർ ഒ.ദിപു പറയുന്നു. കൂടുതൽ സ്ഥലങ്ങളിൽ വൈദ്യുതി തകരാർ സംഭവിച്ചിട്ടു ണ്ടെങ്കിൽ ഡ്യൂട്ടി ഇല്ലാത്ത ദിവസങ്ങളിലും ഉദ്യോഗസ്ഥർ ജോലിക്ക് എത്താറു ണ്ടെന്നതാണ് ഇവരുടെ പ്രവർത്തന വിജയം.

***ഫോട്ടോ അടിക്കുറിപ്പ്: കെഎസ്ഇബി:-***

വടശേരിക്കര പഞ്ചായത്തിലെ കുമ്പളാത്താമൺ പ്രദേശത്ത് ഒടിഞ്ഞുവീണ് മരങ്ങൾ മുറിച്ചുമാറ്റി വൈദ്യുതബന്ധം പുനഃസ്ഥാപിച്ചപ്പോൾ.

(പിഎൻപി 1427/20)

## റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ സജീവം

റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും അഗതികൾ, അനാഥർ തുടങ്ങിയവർക്കു ഭക്ഷണം എത്തിച്ച് കമ്മ്യൂണിറ്റി കിച്ചൺ സജീവമായി. രാജു എബ്രഹാം എം.എൽ.എയുടെ സാന്നിധ്യത്തിൽ ജനപ്രതിനിധികളും കുടുംബശ്രീ അംഗങ്ങളും പഞ്ചായത്ത് സെക്രട്ടറിയും ചേർന്നു ഭക്ഷണം പാകംചെയ്തു.വിവിധ സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും വാളി ീയേഴ്സിന്റെയും സഹകരണത്തോടെ ജനപ്രതിനിധികളുടെ ഉത്തരവാദിത്വത്തിൽ ഭക്ഷണം എത്തിക്കുന്നു.

മേനാംതോട്ടം ന്യൂ ഇന്ത്യ ചർച്ച് വൈദികൻ തു ത്തിൽ പ്രിൻസ് ഏബ്രഹാം തന്റെ വീടും കിച്ചണും അനുബന്ധ സാധനങ്ങളും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി വിട്ടുനൽകി. ആവശ്യമുള്ളവർക്ക് ഭക്ഷണപ്പൊതികൾ 25 രൂപ വിലയിൽ വീടുകളിൽ എത്തിക്കും. ഭക്ഷണപ്പൊതി ആവശ്യമുള്ളവർ വാർഡ് മെമ്പർമാരേയോ 9605950592, 6282207934 എന്നി നമ്പരുകളിൽ രാവിലെ 8.30ന് മുമ്പായി ബന്ധപ്പെടണം. അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.സുരേഷ്, വൈസ് പ്രസിഡന്റ് ദീനാമ്മസബാസ്റ്റ്യൻ, പഞ്ചായത്ത് സെക്രട്ടറി സന്ദീപ് ജോസഫ്, ഗ്രാമപഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ഏകോപിപ്പിച്ചു വരുന്നു.

(പിഎൻപി 1428/20)





# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| മാർച്ച് 29<br>**March 29** | **2020** |

**1195 മീനം 16 ഞായർ**

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

---

**സർവീസ്, ഫാമിലി പെൻഷൻ വിതരണം**
**കർശന നിയന്ത്രണങ്ങളോടെ നടത്തും**

കോവിഡ്-19 രോഗവ്യാപന ഭീഷണിയുടെ പശ്ചാത്തലത്തിൽ ട്രഷറി പി.ടി.എസ്.ബി അക്കൗ ുകൾ മുഖേന നൽകിവരുന്ന ഏപ്രിൽ മാസത്തെ സർവീസ്, ഫാമിലി പെൻഷൻ കർശനനിയന്ത്രണങ്ങളോടെ വിതരണം ചെയ്യാൻ സർക്കാർ അനുമതിയായതായി ജില്ലാ ട്രഷറി ഓഫീസർ പ്രസാദ് മാത്യു അറിയിച്ചു. ഏപ്രിൽ ര ു മുതൽ ഏഴുവരെ പി.ടി.എസ്.ബി അക്കൗ ് നമ്പർ അവസാനിക്കുന്ന അക്കങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണത്തിനു നിയന്ത്രണം ഏർപ്പെടുത്തിയിട്ടു ്.

ഏപ്രിൽ ര ു മുതൽ ഏഴുവരെയുള്ള ട്രഷറി ഇടപാടുകളുടെ സമയം രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചു വരെ പുനഃക്രമീകരിച്ചിട്ടു ്. ഏപ്രിൽ ഒന്നിന് ബാങ്കിടപാടുകൾ ഇല്ലാത്തതിനാൽ ഏപ്രിൽ ര ിനു ബാങ്കിൽ നിന്നു പണം ലഭിക്കുന്ന മുറയ്ക്ക് രാവിലെ പത്തോടുകൂടി മാത്രമേ പെൻഷൻ വിതരണം സാധ്യമാകുകയുള്ളു.

മുതിർന്ന പൗരൻമാരിലും, പ്രതിരോധശേഷി കുറഞ്ഞവരിലും, ആരോഗ്യപ്രശ്നമുള്ളവരിലും രോഗവ്യാപനത്തിന് ഏറെ സാധ്യതയുള്ളതിനാലും പെൻഷൻ വാങ്ങാൻ എത്തുന്നവർ കൂടുതൽ മുൻകരുതലുകൾ എടുക്കണം. ട്രഷറിയിൽ എത്തുന്ന ഇടപാടുകാർ വ്യക്തിശുചിത്വം പാലിക്കുകയും തൂവാല/മാസ്ക് എന്നിവ കരുതുകയും വേണം. പനിയോ, മറ്റു രോഗലക്ഷണമോ ഉള്ളവരും നിരീക്ഷണത്തിലുള്ളവരുമായി സമ്പർക്കം പുലർത്തിയവരും യാതൊരുകാരണവശാലും ട്രഷറിയിൽ എത്തരുത്.

നേരിട്ടെത്താൻ സാധിക്കാത്തവർ തങ്ങളുടെ പി.ടി.എസ്.ബി. ചെക്കിൽ ബെയററെ (മെസഞ്ചർ) ചുമതലപ്പെടുത്തി ട്രഷറിയിൽ നിന്നും പണം പിൻവലിക്കുകയോ ഓൺലൈൻ

സേവനം പ്രയോജനപ്പെടുത്തുകയോ ചെയ്യാം. നിയന്ത്രണങ്ങൾ നിലവിലുള്ളതിനാൽ ട്രഷറിയിലേക്കു യാത്രചെയ്യുന്നവർ പി.പി.ഒ, പാസ്ബുക്ക്, പി.ടി.എസ്.ബി ചെക്ക് എന്നിവ കരുതണം. സുരക്ഷാ മുൻകരുതലുകളോടെയുള്ള പെൻഷൻവിതരണം സുഗമമാക്കാനും കോവിഡ്-19 രോഗവ്യാപനം തടയുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങൾ പാലിക്കാനും എല്ലാ പെൻഷൻകാരുടേയും സഹകരണം അഭ്യർഥിക്കുന്നു.

(പിഎൻപി 1429/20)

## ഹോം ഐസലേഷൻ ലംഘിച്ചതിന് പോലീസ് കേസെടുത്തു

ഹോം ഐസലേഷൻ ലംഘിച്ചതിനെ തുടർന്ന് ജ്യോതി പരം വൈഷ്ണവം വീട്ടിൽ ശ്രീനാഥ് മോഹൻ എതിരെ അടൂർ പോലീസ് കേസ് എടുത്തു. ഏറത്ത് ഗ്രാമ പഞ്ചായത്തിലെ 16-ാം വാർഡിൽ അന്തിച്ചിറ സ്വദേശിയായ ഇയാൾ മാർച്ച് 23ന് ഖത്തറിൽ നിന്നും എത്തിയ അന്നു മുതൽ ഹോംഐസലേഷനിലാണ്. കഴിഞ്ഞ ദിവസം ഹോംഐസലേഷൻ ലംഘിച്ച് പന്തളം മെഡിക്കൽ മിഷൻ ആശുപതിയിൽപോയത് ശ്രദ്ധ യിൽപ്പെട്ടതിനെ തുടർന്നാണ് ക്രൈം നമ്പർ 598/20, അ ർ സെക്ഷൻ 269,188 ഐ പിസി,73 (1) (എ) കേരള ഹെൽത്ത് കെയർ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം പോലീസ് കേസെടുത്തത്.

(പിഎൻപി 1430/20)

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി മൈലപ്ര ഗ്രാമപഞ്ചായത്ത്

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യം ലോക്ക് ഡൗണിൽ തുടരുന്ന സാഹചര്യത്തിൽ പ്രവർത്തനങ്ങൾ ശക്തമാക്കി മൈലപ്ര ഗ്രാമപഞ്ചായത്ത്. വിദേശത്തു നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തിയ വ്യക്തികൾ കർശനമായും വീടുകളിൽതന്നെ നിരീക്ഷണത്തിൽ കഴിയണമെന്നു വീടുകളിലെത്തി വ്യക്തികൾക്കും കുടുംബത്തിനും നിർദ്ദേശം നൽകുന്നതിനൊപ്പം നിരീക്ഷണകാലയളവിൽ ഇത്തരം വീടുകൾ സന്ദർശിച്ചു വിവരങ്ങൾ ശേഖരിക്കുകയും വേ നിർദ്ദേശങ്ങൾനൽകുന്ന കാര്യത്തിലും ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തുന്നു ്. നിരീക്ഷണത്തിലുള്ളവർ വീടുകളിൽ നിന്നും ഇറങ്ങുന്നതു ശ്രദ്ധയിപ്പെട്ടാൽ വിവരം പോലീസിനെ അറിയിക്കുന്നതിനു സാനിട്ടേഷൻ സമിതിക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടു ്. അവശ്യസാധനങ്ങൾ വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് എത്തിക്കുന്നു ്. കൂടാതെ സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ ഭക്ഷണം സാധനങ്ങളടങ്ങിയ കിറ്റ് നിർദ്ധനരായിട്ടുള്ളവർക്കും നിരീക്ഷണത്തിലുള്ളവർക്കും എത്തിച്ചുനൽകുന്നു ്.

മാസ്ക്കുകൾ, സാനിറ്റൈസറുകൾ എന്നിവ വിതരണം ചെയ്തും ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി സമൂഹ വ്യാപനം നേരിടുന്നതിനായി നടപ്പിലാക്കിയ ബ്രേയ്ക്ക് ദ ചെയിൻ ക്യാമ്പയിൻ കൂടുതൽ ജനകീയമാക്കാനുള്ള പ്രവർത്തനങ്ങൾക്കും മൈലപ്ര ഗ്രാമപഞ്ചായത്തിൽ തുടക്കമായി. ഇതിന്റെ ഭാഗമായി പൊതുസ്ഥാപനങ്ങളിലും വീടുകളിലും പ്രവേശിക്കുന്നതിനു മുൻപ് കൈകൾ സോപ്പുപയോഗിച്ച് കഴുകി വൃത്തിയാക്കുന്നതിനും സാനിറ്റൈസർ ഉപയോഗിക്കുന്നതിനും വേ നിർദ്ദേശം സാനിറ്റേഷൻ

സമിതി ജനങ്ങൾക്കു നൽകുന്നു ്. സാനിറ്റേഷൻ സമിതി മാസ്ക്, ഗ്ലൗസ് എന്നിവ ഇതിനായി വിവിധ സ്ഥലങ്ങളിലും വീടുകളിലും വിതരണം ചെയ്തു.

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വ്യാപാരസ്ഥാപനങ്ങളിലും മറ്റു പൊതുസ്ഥാപനങ്ങളിലും കൈകൾ കഴുകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു നിർദ്ദേശംനൽകുകയും ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും കൈകൾ കഴുകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

മൈലപ്ര ഗ്രാമപഞ്ചായത്ത് കുടുംബശ്രീയുടെ സഹകരണത്തോടെ സമൂഹ അടുക്കളയുടെ പ്രവർത്തനവും ആരംഭിച്ചു. പഞ്ചായത്തിലെ നിർദ്ധനർ, അഗതി കുടുംബങ്ങൾ, കിടപ്പുരോഗികൾ, ഭിക്ഷാടകർ തുടങ്ങിയവർക്കു മാത്രമാണു സാമൂഹ്യ അടുക്കളയിൽ നിന്നും ഭക്ഷണം സൗജന്യമായി ലഭിക്കുന്നത്. ഊണിന് 20 രൂപയാണ്. 25 രൂപ നിരക്കിൽ ഉച്ചയൂണ് വീടുകളിൽ എത്തിച്ചു നൽകും. വീടുകളിൽ ഭക്ഷണവും മറ്റു സഹായങ്ങളും എത്തിച്ചുനൽകുന്നതിന് വോളന്റിയർ ടീം 24 മണിക്കൂറും പ്രവർത്തിക്കുന്നു ്.

(പിഎൻപി 1431/20)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 29<br>March 29 | 2020 |
|---|---|

**1195 മീനം 16 ഞായർ**

# പത്രക്കുറിപ്പ് -5

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ഭക്ഷണം ലഭിക്കാൻ കമ്മ്യൂണിറ്റി കിച്ചണിൽ വിളിക്കാം**

പത്തനംതിട്ട ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ ജില്ലാ മിഷന്റെയും ആഭിമുഖ്യത്തിൽ കമ്യൂണിറ്റി കിച്ചണുകൾ വഴി ഭക്ഷണം തയാറാക്കി വിതരണം ചെയ്യുന്നു. ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിലായി 54 ഇടത്തും നാലു നഗരസഭകളിലായി ആറിടത്തും കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിക്കുന്നു.

നിർധനർ, അഗതി കുടുംബങ്ങൾ, കിടപ്പുരോഗികൾ, ഭിക്ഷാടകർ തുടങ്ങിയവർക്കു മാത്രമാണു സമൂഹ അടുക്കളയിൽ നിന്നും ഭക്ഷണം സൗജന്യമായി ലഭിക്കുക. സൗജന്യഭക്ഷണത്തിന് അർഹരായവരുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനമാണു തയാറാക്കിയിട്ടുള്ളത്. മറ്റുള്ളവർക്ക് 20 രൂപ നിരക്കിലായിരിക്കും ഉച്ചയൂണ് നൽകുക. (5 രൂപ പാഴ്സലിന് അധികം നൽകണം). വീടുകളിൽ ഭക്ഷണം എത്തിക്കുന്നതിനു തദ്ദേശഭരണസ്ഥാപനത്തിന്റെ വോളന്റിയർ ടീം രൂപീകരിക്കും. ആഹാരം ആവശ്യമുള്ളവർക്ക് കമ്മ്യൂണിറ്റി കിച്ചണിന്റെ ഹെൽപ് ലൈൻ നമ്പരിൽ ബന്ധപ്പെടാം.

ഗ്രാമപഞ്ചായത്ത്, കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുന്ന സ്ഥലം, ആഹാരം ആവശ്യമുള്ളവർ ബന്ധപ്പെടേ നമ്പർ എന്ന ക്രമത്തിൽ:

ആനിക്കാട്- താന്നിമു യ്ക്കൽ ഓഡിറ്റോറിയം, പുന്നവേലി, 8281909099. ആറന്മുള- എസ്എൻഡിപി ഹാൾ വല്ലന, 9400288032. അരുവാപ്പുലം- ഗവ. എൽപിഎസ് അരുവാപ്പുലം, 9496552099. അയിരൂർ-ഗവ എൽ.പി.എസ് അയിരൂർ, 9846293851. ഇലന്തൂർ- ഐശ്വര്യ കാറ്ററിംഗ് ഇലന്തൂർ, 8078943755. ചെറുകോൽ- ഗൃഹലക്ഷ്മി വാഴക്കുന്നം, 8078715442. ചെന്നീർക്കര- ഷാരോൺ കാറ്ററിംഗ്

ഐടിഐയ്ക്കു സമീപം ചെന്നീർക്കര, 9846722526. ഏനാദിമംഗലം-ഗവ എൽ.എപി.എസ് ഇളമണ്ണൂർ, 8086875921.

ഏറത്ത്-കുടുംബശ്രീ ഓഡിറ്റോറിയം ചൂരക്കോട്, 9495435577. ഇരവിപേരൂർ- ആവി കഫേ ഇരവിപേരൂർ, 8301062627. ചിറ്റാർ -ഗവ. എൽപിഎസ് കൂത്താട്ടുകുളം, 9947799461. ഏഴംകുളം- ബഥനിയ ഓഡിറ്റോറിയം മാങ്കൂട്ടം, ഗവ യുപി സ്കൂൾ ഏനാത്ത്, 7510266743. എഴുമറ്റൂർ-മരിയ കാറ്ററിംഗ് യൂണിറ്റ് എഴുമറ്റൂർ, 9496935030.

കടമ്പനാട്- അന്നപൂർണ കഫേ, കടമ്പനാട് ജംഗ്ഷൻ- 9846476317.

കടപ്ര- ഗവ യുപിഎസ് കടപ്ര, 9847895474. കലഞ്ഞൂർ- ടേക്ക് എവേ കഫേ കുടുംബശ്രീ, കലഞ്ഞൂർ, 9447594229.

കല്ലൂപ്പാറ-അമ്മു കാറ്ററിംഗ് പുഷ്പഗിരി ജംഗ്ഷൻ, 9526397820. കവിയൂർ-ബജറ്റ് ഹോട്ടൽ മനയ്ക്കച്ചിറ, 9605507212. കൊടുമൺ-ഗവ.എൽപിഎസ് ഇടത്തിട്ട, 9745058004. കോയിപ്രം- അനുപമ ഹോട്ടൽ ഉടമയുടെ വീട് മുട്ടുമൺ, 9446755514. കോന്നി-ഗവ.എൽപി സ്കൂൾ കോന്നി, 9539943525. കൊറ്റനാട്-ഗവ.എൽപിഎസ് ചാലാപ്പള്ളി, 9846569375. കോട്ടാങ്ങൽ- മുഹമ്മദൻ എൽ.പി.എസ് വായ്പ്പൂർ, 9961603511. കോഴഞ്ചേരി- പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, 9961019703. കുളനട- ഗവ.എൽപിഎസ് കൈപ്പുഴ, 9745800846. കുന്നന്താനം-തൃപ്തി ഹോട്ടൽ, 9847381052.

കുറ്റൂർ -ജിഎച്ച്എസ് കുറ്റൂർ, 8848205795. മലയാലപ്പുഴ-അമിനിറ്റി സെന്റർ മലയാലപ്പുഴ, 9745389582. മല്ലപ്പള്ളി-നന്മ കാറ്ററിംഗ് യൂണിറ്റ്, 9656566165. മെഴുവേലി- ജിഎൽപിഎസ് മെഴുവേലി, 9496976809. മല്ലപ്പുഴശേരി- നന്മ കാറ്ററിംഗ്, അംഗനവാടി മല്ലപ്പുഴശേരി, 9048652510. മൈലപ്ര- ഐ.റ്റി.സി വാർഡ് - അംഗനവാടി, 9947549281. നാറാണംമൂഴി-തനിമ കാറ്ററിംഗ് യൂണിറ്റ് ആറാട്ടുമൺ, 9605021278.

നാരങ്ങാനം- നാട്ടുരുചി, 9744478962. നെടുമ്പ്രം- പുതിയകാവ് ഗവ.ഹൈസ്കൂൾ, 9074126676. നിരണം- സഖീ കഫേ, ശിശുവിഹാറിനു സമീപം, 9605491086. ഓമല്ലൂർ- കലവറ കാറ്ററിംഗ് യൂണിറ്റ്, ഓമല്ലൂർ ക്ഷേത്രത്തിനു സമീപം, 8304035604.

പള്ളിക്കൽ- ബഡ്സ് സ്കൂൾ ആലുംമൂട്, 8078994154. പന്തളം തെക്കേക്കര-ജിഎൽപിഎസ് തട്ട, 9447691451. പെരിങ്ങര-പിഎംവിഎച്ച്എസ് പെരിങ്ങര, 9847081975. പ്രമാടം- രുചി കേറ്ററിംഗ് സർവീസ് ളാക്കൂർ, 9400815286.

പുറമറ്റം- എസ്സി കഫേ, 9847764315. റാന്നി- തോട്ടമൺ, 7306959813. റാന്നി അങ്ങാടി- ന്യൂ ഇന്ത്യ ദൈവസഭ ചർച്ച് ഹാൾ, 9605950492. റാന്നി പഴവങ്ങാടി- മക്കപ്പുഴ, 9446174352. റാന്നി പെരുനാട്- പെരുനാട്, 8606715028. സീതത്തോട് - കെ.ആർ.ടി.എച്ച്.എസ്.എസ്, 9744638339. തണ്ണിത്തോട് -ഗവ വെൽഫെയർ യു പി എസ്, തണ്ണിത്തോട്, 9061295035. തോട്ടപ്പുഴശേരി- കാർഷിക വിപണനകേന്ദ്രം, തോട്ടപ്പുഴശേരി, 9656012412. തുമ്പമൺ-സുറിയാനി ചർച്ച് കീരുകുഴി, 9656471735. വടശേരിക്കര- പമ്പാ കഫേ ഡി.റ്റി.പി.സി അമിനിറ്റി സെന്റർ വടശേരിക്കര, 9495184183. വള്ളിക്കോട്- കുടുംബശ്രീ കഫേ, 9400754100. വെച്ചൂച്ചിറ-വെൺകുറിഞ്ഞി അന്നപൂർണേശ്വരി ഹോട്ടൽ,9633510002.

പന്തളം മുൻസിപ്പാലിറ്റി- ശിവരഞ്ജിനി ഓഡിറ്റോറിയം, 9562209630. തിരുവല്ല മുൻസിപ്പാലിറ്റി- വെസ്റ്റ് കട്ടപ്പുറം ചർച്ച് കാവുംഭാഗം, തിരുവല്ല ഈസ്റ്റ് എംജിഎം സ്കൂൾ കിച്ചൺ, 9495634048. പത്തനംതിട്ട മുൻസിപ്പാലിറ്റി- പിഡബ്ല്യുഡി റസ്റ്റ്ഹൗസ്, സേവന കാന്റീൻ, 9496948749. അടൂർ മുൻസിപ്പാലിറ്റി - യുപിഎസ്കൂൾ, 7559813699.

(പിഎൻപി 1432/20)

## സഹായികൾ നിർദ്ദേശങ്ങൾ പാലിച്ചില്ലെങ്കിൽ പെർമിഷൻ റദ്ദാക്കും

ഹോം ഐസലേഷനിൽ കഴിയുന്നവർക്ക് സഹായവുമായി എത്തുന്നവർ ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് ക ത്തിയാൽ അവർക്ക് പുറത്തിറങ്ങാൻ നൽകിയിരിക്കുന്ന പെർമിഷൻ റദ്ദാക്കുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. ഇവ നിരീക്ഷിക്കുന്നതിനായി അതത് പഞ്ചായത്ത് സെക്രട്ടറിമാർക്കു നിർദ്ദേശം നൽകിയിട്ടു ്.

(പിഎൻപി 1433/20)

## അതിഥി തൊഴിലാളികൾക്ക് സഹായവുമായി ചിറ്റയം ഗോപകുമാർ എംഎൽഎ

കോവിഡ് 19 വ്യാപനം തടയുന്നതിനായി രാജ്യം ലോക്ക് ഡൗണായ സാഹചര്യത്തിൽ അടൂർ നിയോജക മണ്ഡലത്തിലെ ഏനാത്തും ഏഴംകുളത്തും അതിഥി തൊഴിലാളികളുടെ സ്ഥിതി വിലയിരുത്തുന്നതിന് ചിറ്റയം ഗോപകുമാർ എംഎൽഎ നേരിട്ടെത്തി വേ നടപടികൾ സ്വീകരിച്ചു.

ഏനാത്ത് മുസ്ലീം പള്ളിയോട് ചേർന്നുള്ള കെട്ടിടത്തിലും എഴംകുളത്ത് എംസൺ ഓഡിറ്റോറിയത്തിനോട് ചേർന്നുള്ള കെട്ടിടത്തിലുമാണ് ഇവർ താമസിക്കുന്നത്. ഏനാത്ത് 17 മുറികളിലായി നൂറു പേരും എംസൺ ഓഡിറ്റോറിയത്തിനടുത്തുള്ള സ്ഥലത്ത് 20 മുറിയിൽ 63 പേരുമാണു താമസം. ഏനാത്ത് നിലവിലുള്ള മുറികളിൽ ര ുപേർ വീതവും ബാക്കിയുള്ളവരെ തൊട്ടടുത്തുള്ള സ്വകാര്യ സ്കൂളിലും താമസിപ്പിക്കുന്നതിനും ഏഴംകുളത്ത് നിലവിൽ താമസിക്കുന്ന മുറികളിൽ ര ുപേർ വീതവും ബാക്കിയുള്ളവരെ അവിടെ തന്നെയുള്ള യു.ഐ.എം കോളജ് ഹോസ്റ്റലിലും താമസിപ്പിക്കുന്നതിനും വേ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

കൂടാതെ പോലീസ്, ആരോഗ്യവകുപ്പ്, റവന്യൂ, പഞ്ചായത്ത് എന്നിവയുടെ ഏകോപനവും ഒരുക്കിയിട്ടു ന്ന് എംഎൽഎ പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് ലത, വൈസ് പ്രസിഡന്റ് രാധാമണി ഹരികുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി. പി.മോഹനൻ, സിപിഐ ജില്ലാ അസി:സെക്രട്ടറി ഡി.സജി, ഡി.വൈ.എസ്.പി ജവഹർ ജനാർദ്ദ്, സി.ഐ ജയകുമാർ, ഡെപ്യൂട്ടി തഹസീൽദാർ സാം, സാമൂഹ്യപ്രവർത്തകൻ ജോർജ് മുരിക്കൻ എന്നിവർ എംഎൽഎയോടൊപ്പം സന്ദർശനത്തിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ചിറ്റയം:-***

അടൂർ നിയോജക മണ്ഡലത്തിലെ ഏനാത്തും ഏഴംകുളത്തും അതിഥി തൊഴിലാളികളുടെ സ്ഥിതി വിലയിരുത്തുന്നതിന് ചിറ്റയം ഗോപകുമാർ എംഎൽഎ നേരിട്ടെത്തിയപ്പോൾ.

(പിഎൻപി 1434/20)

## എന്താണ് റാപ്പിഡ് ടെസ്റ്റ്? അതെങ്ങനെ നടത്താം; മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

കോവിഡ് 19 പോസിറ്റീവ് കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സാമൂഹ്യ വ്യാപനം തടയാനായി പരിശോധനാ ഫലങ്ങൾ വേഗത്തിലാക്കാൻ തീരുമാനിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ അറിയിച്ചു.

മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമാണ് വേഗത്തിൽ ഫലമറിയുന്ന റാപ്പിഡ് ടെസ്റ്റ് നടത്താൻ തീരുമാനിച്ചത്. ഇതിന് ഐ.സി.എം.ആർ. അനുമതി ലഭിച്ചിട്ടു ്. ഐ.സി.എം.ആർ.-എൻ.ഐ.വി. അനുമതിയുള്ള റാപ്പിഡ് ടെസ്റ്റ് കിറ്റുകളുപയോഗിച്ചാണ് പരിശോധന നടത്തുന്നത്. സമൂഹത്തിൽ സ്ക്രീനിംഗ് നടത്തി അവരിൽ പരിശോധന നടത്തി രോഗ സാധ്യതയുള്ളവരെ ക ത്താനാകും. അവരെ നിരീക്ഷണത്തിലാക്കി ആവശ്യമുള്ളവരെ പി.സി.ആർ. പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്. എത്രയും വേഗം ടെസ്റ്റ് കിറ്റെത്തിച്ച് റാപ്പിഡ് ടെസ്റ്റ് തുടങ്ങുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

**എന്താണ് റാപ്പിഡ് ടെസ്റ്റ്?**

പ്രാഥമിക സ്ക്രീനിംഗിലൂടെ വിവിധതരത്തിലുള്ള വൈറസ് വ്യാപനം ഉ ായെന്ന് അറിയുന്നതിനായി ഉപയോഗിക്കുന്ന ലളിതമായ പരിശോധന മാർഗമാണ് റാപ്പിഡ് ടെസ്റ്റ്. മറ്റ് ഉപകരണങ്ങളുടെ സഹായമില്ലാതെ 10 മിനിറ്റ് മുതൽ 30 മിനിറ്റിനുള്ളിൽ വളരെ വേഗത്തിൽ ഫലമറിയാൻ കഴിയും. ഗുണമേന്മയുള്ള പരിശോധനാ കിറ്റുകൾ ഉയോഗിച്ചാൽ വളരെയധികം ആളുകളുടെ പരിശോധനകൾ വേഗത്തിലാക്കി രോഗവ്യാപനം വളരെ പെട്ടന്ന് അറിയാൻ കഴിയും. അതേസമയം ചെലവ് വളരെ കുറവെന്ന പ്രത്യേകതയുമു ്.

**എന്താണ് കോവിഡ് 19 ടെസ്റ്റ്?**

നിലവിൽ പിസിആർ (പോളിമെർ ചെയിൻ റിയാക്ഷൻ) ടെസ്റ്റ് വഴിയാണ് ഇന്ത്യയിൽ എല്ലാ രോഗികളിലും വൈറസ് ബാധയു ോ എന്ന് തിരിച്ചറിയുന്നത്. ര ് തരം പരിശോധനകളിലൂടെയാണ് കോവിഡ് 19 സ്ഥിരീകരിക്കുന്നത്. ഇ-ജീൻ പരിശോധനകൾക്കായുള്ള റിയൽടൈം റിവേഴ്സ് ട്രാൻസ്ക്രിപ്റ്റേഴ്സ് പി.സി.ആർ. എന്ന മോളിക്കുളാർ പരിശോധനയാണ് ആദ്യം നടത്തുന്നത്. കോവിഡ് 19 സ്ഥിരീകരിക്കുന്നതിനുള്ള ആർ.ഡി.ആർ.പി., ഒ.ആർ.എഫ്. 1 ബി. ജീനുകൾ ക ത്താനുള്ള പരിശോധനയാണ് ര ാമത്തേത്.

**ര ും തമ്മിലുള്ള വ്യത്യാസം**

ശരീരത്തിൽ എന്തെങ്കിലും വൈറസ് ബാധ ഉ ായെന്നറിയാനാണ് റാപ്പിഡ് ടെസ്റ്റ് നടത്തുന്നത്. അതേസമയം കൂടുതൽ കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനാലാണ് കോവിഡ് 19 തിരിച്ചറിയുന്നതിന് പിസിആർ ടെസ്റ്റ് നടത്തുന്നത്. പിസിആർ ടെസ്റ്റിന് സമയവും ചെലവും കൂടുതലാണ്. എന്നാൽ സാമൂഹ്യ വ്യാപനം പെട്ടന്ന് തിരിച്ചറിയേ തിനാലാണ് വൈറസ് വ്യാപനം ക ത്താൻ റാപ്പിഡ് ടെസ്റ്റ് നടത്തുന്നത്.

**റാപ്പിഡ് ടെസ്റ്റ് നടത്തുന്നതെങ്ങനെ?**

രക്ത പരിശോധനയിലൂടെയാണ് റാപ്പിഡ് ടെസ്റ്റ് നടത്തുന്നത്. വെറസ് മനുഷ്യ ശരീരത്തിൽ പ്രവേശിച്ചാലു ാകുന്ന ആന്റിബോഡികൾ തിരിച്ചറിയുന്ന രീതിയാണ് റാപ്പിഡ് ടെസ്റ്റ് അവലംബിക്കുന്നത്. വൈറസ് മനുഷ്യ ശരീരത്തിൽ പ്രവേശിച്ചാൽ ദിവസങ്ങൾക്കകം ശരീരം ആന്റിബോഡികൾ നിർമിച്ച് തുടങ്ങും. ഈ ആന്റിബോഡികൾ രക്തത്തിലു ോ എന്ന് അതിവേഗം ക ത്തുന്നതാണ് റാപ്പിഡ് ടെസ്റ്റിലെ പരിശോധന രീതി. കൊറോണ വൈറസ് മാത്രമല്ല ഏത് വൈറസ് ബാധ പടരുമ്പോഴും സമൂഹ്യ വ്യാപനമു ായോ എന്നറിയാൻ റാപ്പിഡ് ടെസ്റ്റാണ് ഉപയോഗിക്കുന്നത്. സമൂഹത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സാഹചര്യം നിയന്ത്രണ വിധേയമാക്കാൻ സാധിക്കും. അതേസമയം വൈറസ്

ഒരാളുടെ ശരീരത്തിൽ പ്രവേശിച്ച് ഏതാനം ദിവസങ്ങൾ കഴിഞ്ഞ ശേഷം മാത്രമേ റാപ്പിഡ് ടെസ്റ്റിലൂടെ ഫലം അറിയാൻ സാധിക്കൂ.

**ആർക്കൊക്കെ ടെസ്റ്റ് നടത്താം?**

ഐ.സി.എം.ആറിന്റെ അനുമതിയുള്ള സർക്കാർ, സ്വകാര്യ ലാബുകൾക്ക് മാത്രമേ റാപ്പിഡ് ടെസ്റ്റ് നടത്താൻ അനുമതിയുള്ളൂ. ഡോക്ടറുടെ കുറിപ്പടിയോടെ മാത്രമേ റാപ്പിഡ് ടെസ്റ്റ് നടത്താൻ പാടുള്ളൂ.

**ആരൊക്കെ ടെസ്റ്റ് നടത്തണം?**

വിദേശരാജ്യങ്ങളിൽ നിന്ന് തിരിച്ചെത്തിയവർ, അവരുമായി അടുത്ത സമ്പർക്കം പുലർത്തിയവർ, കോവിഡ് രോഗം ഉ ന്ന് ഡോക്ടർമാർ സംശയിക്കുന്നവർ, കോവിഡ് രോഗികളെ പരിചരിക്കുന്നവരും അവരുമായി ഇടപഴകുന്നതുമായ ആരോഗ്യപ്രവർത്തകർ, സാധാരണയിൽ കവിഞ്ഞ് ഗുരുതര ശ്വാസകോശ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശത്തെ ജനങ്ങൾ, ഗുരുതര ശ്വാസകോശ രോഗങ്ങളിൽ നിന്ന് രോഗമുക്തി നേടിയവർ എന്നിവർ മാത്രമേ ടെസ്റ്റിന് വിധേയമാക്കേ തുള്ളു.

നിലവിൽ നിരീക്ഷണത്തിലുള്ളവരിലും അവരുമായി ബന്ധപ്പെട്ടവരും തുടങ്ങിയ എല്ലാവരിലും അതിവേഗം പരിശോധന നടത്തി ഫലമറിയാൻ റാപ്പിഡ് ടെസ്റ്റ് സഹായിക്കും. ഈ ടെസ്റ്റിലൂടെ പോസിറ്റീവുള്ളവരെ നിരീക്ഷണത്തിലാക്കാനും അവരിൽ ആവശ്യമുള്ളവർക്ക് വിദഗ്ധ പരിശോധനയും ചികിത്സയും നൽകാനും സഹായിക്കും. അതിലൂടെ സമൂഹ വ്യാപനം പെട്ടെന്ന് തടയാനാകും.

(പിഎൻപി 1435/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 29

March 29

2020

1195 മീനം 16 ഞായർ

# പത്രക്കുറിപ്പ് -6



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**ലോക് ഡൗൺ; ര ുദിവസത്തിനിടെ**
**600 കേസുകൾ; 589 അറസ്റ്റ്**

ലോക് ഡൗൺ നിർദേശങ്ങളുടെ ലംഘനത്തിനു കുറവില്ല, അതിനാൽ തന്നെ കേസുകളും വർധിക്കുന്നതായി കണക്കുകൾ. ര ുദിവസത്തിനിടെ ജില്ലയിൽ ആകെ 600 കേസുകൾ രജിസ്റ്റർ ചെയ്തതായും 589 പേരെ അറസ്റ്റ് ചെയ്തതായും 481 വാഹനങ്ങൾ പിടിച്ചെടുത്തതായും ജില്ലാ പോലീസ് മേധാവി കെ.ജി സൈമൺ അറിയിച്ചു. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നതിനിടെ പുറത്തുകടന്നതിന് എടുത്ത 12 കേസുകളും ഇതിൽപെടുന്നു.

കോവിഡ് 19 വ്യാപനം തടയാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ എല്ലാതലങ്ങളിലും തുടരുമ്പോഴും ജനങ്ങൾ ലോക് ഡൗൺ നിർദേശങ്ങൾ തുടർച്ചയായി ലംഘിക്കുന്നത് ഒട്ടും ആശാസ്യമല്ല. വ്യക്തമായ ആവശ്യങ്ങൾക്കല്ലാതെ ആളുകൾ വാഹനങ്ങളുമായും അല്ലാതെയും പുറത്തിറങ്ങുന്നതും വീടുകളിൽ നിരീക്ഷണത്തിൽ തുടരുന്നവർ അതു ലംഘിക്കുന്നതും ജില്ലാ പോലീസ് തടയുമെന്നും നിയമ നടപടികൾ തുടരുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു. പ്രധാന റോഡിലൂടെയുള്ളതും ഉൾവഴികളിലൂടെയുള്ളതുമായ നിയമാനുശ്രിതമല്ലാത്ത എല്ലാ വാഹനഗതാഗതവും ഡ്രോണുകൾ ഉപയോഗിച്ചും പരിശോധന നടത്തി നിയമലംഘനം നടത്തുന്നവരുടെ ഫോട്ടോകളും വീഡിയോകളും പരിശോധിച്ച് നിയമ നടപടി തുടരുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

(പിഎൻപി 1436/20)

**കോവിഡ് 19: സത്യവാങ്മൂലം, വെഹിക്കിൾ പാസ്
എന്നിവ ഇനി മുതൽ ഓൺലൈനിലും**

കോവിഡ് 19 നെ തുടർന്നുള്ള നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് അത്യാവശ്യ സാഹചര്യത്തിൽ യാത്ര ചെയ്യുന്നതിനാവശ്യമായ സത്യവാങ്മൂലം, വെഹിക്കിൾ പാസ് എന്നിവ ലഭിക്കുന്നതിന് ഓൺലൈൻ സംവിധാനം സജ്ജമാക്കിയാതായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. https://pass.bsafe.kerala.gov.in എന്ന ലിങ്ക് വഴി പൊതുജനങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താം. സൈബർ ഡോം നോഡൽ ഓഫീസർ കൂടിയായ എഡിജിപി മനോജ് എബ്രഹാമിൻറെ നേതൃത്വത്തിൽ സൈബർ ഡോമിലെ വിദഗ്ധ സംഘമാണ് ഓൺലൈൻ സംവിധാനം വികസിപ്പിച്ചത്.

വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ യാത്ര ചെയ്യുന്നതിനാവശ്യമായ സത്യവാങ്മൂലം ഓൺലൈനിൽ ലഭിക്കുവാൻ യാത്രക്കാർ പേര്, മേൽവിലാസം, വാഹനത്തിൻറെ നമ്പർ, സഹയാത്രികൻറെ പേര്, യാത്ര പോകേ തും തിരിച്ചു വരേ തുമായ സ്ഥലം, തീയതി, സമയം, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തിയതിനു ശേഷം യാത്രക്കാരന്റെ ഒപ്പ് അപ്ലോഡ് ചെയ്യണം. ഈ വിവരങ്ങൾ പോലീസ് കൺട്രോൾ സെന്ററിൽ പരിശോധിച്ചശേഷം സത്യവാങ്മൂലം അംഗീകരിച്ച ലിങ്ക് യാത്രക്കാരൻറെ മൊബൈൽ നമ്പറിലേയ്ക്ക് മെസ്സേജ് ആയി നൽകും. യാത്രവേളയിൽ പോലീസ് പരിശോധനയ്ക്കായി ഈ ലിങ്കിൽ ലഭിക്കുന്ന സത്യവാങ്മൂലം കാണിച്ചാൽ മതിയാകും. അപേക്ഷ നിരസിച്ചിട്ടുെ ങ്കിൽ ആ വിവരം മൊബൈൽ നമ്പറിലേയ്ക്ക് മെസ്സേജ് ആയി ലഭിക്കും. ഒരു ആഴ്ചയിൽ ഓൺലൈൻ മുഖാന്തിരം ഉള്ള സത്യവാങ്മൂലം പ്രകാരം പരമാവധി മൂന്നു തവണ മാത്രമേ യാത്ര അനുവദിക്കുകയുള്ളു.

വെഹിക്കിൾ പാസ് ഓൺലൈനായി നൽകുന്നത് മരണം, ഒഴിവാക്കാനാകാത്ത ആശുപത്രി സന്ദർശനം മുതലായ തികച്ചും ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രം ഉപയോഗിക്കാനാണ്. പേര്, മേൽ വിലാസം, മൊബൈൽ നമ്പർ എന്നിവ ചേർത്ത ശഷം ഫോട്ടോ, ഒപ്പ്, ഒഫീഷ്യൽ ഐഡി കാർഡ് എന്നിവയുടെ ഇമേജ് അപ്ലോഡ് ചെയ്യണം. പരിശോധനയ്ക്ക് ശേഷം പാസ് യാത്രക്കാരന് മെസ്സേജ് ആയി ലഭിക്കും. ഇതും ആഴ്ചയിൽ പരമാവധി മൂന്നുതവണയേ ലഭിക്കൂ.

നൽകുന്ന വിവരങ്ങൾ തെറ്റാണെന്ന് തെളിഞ്ഞാൽ അപേക്ഷകർക്കെതിരെ നിയമനടപടി സ്വീകരിക്കും. വളരെ അത്യാവശ്യ സാഹചര്യങ്ങളിൽ ഉപയോഗിക്കുവാൻ ലഭ്യമാക്കിയിട്ടുള്ള ഈ സൗകര്യങ്ങൾ ദുരുപയോഗം ചെയ്യുന്നവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(പിഎൻപി 1437/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 29<br>March 29 | 2020 |
|---|---|

**1195 മീനം 16 ഞായർ**

# പത്രക്കുറിപ്പ് -7

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കോവിഡ്: പ്രതിരോധ പ്രവർത്തനങ്ങളിൽ**
**സജീവമായി വനംവകുപ്പും**

വനാതിർത്തികളിൽ നിരീക്ഷണം ശക്തമാക്കിയും ആദിവാസി കോളനികളിൽ ആവശ്യസാധനങ്ങൾ എത്തിച്ചും കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ ക്രിയാത്മക ഇടപെടലുകളുമായി വനം വകുപ്പ്. അന്തർ സംസ്ഥാന പാതകളിലുടെയും കാട്ടിനുള്ളിലുള്ള അനധികൃത വഴിയിലൂടെയും വന്നു പോകുന്നവരെ നിരീക്ഷിക്കാൻ സംസ്ഥാനത്തെ എല്ലാ ഫോറസ്റ്റ് ചെക്ക് പോസ്റ്റുകളിലും പരിശോധന കർശനമാക്കി. പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരോടൊപ്പം വനപാലകരും എപ്പോഴും കർമരംഗത്തു ്. എല്ലാ റെയ്ഞ്ച് ഓഫീസർമാരുടെയും നേതൃത്വത്തിൽ ആദിവാസി കോളനികളിൽ നിരന്തര സന്ദർശനം നടത്തി ബോധവൽക്കരണം നടത്തുന്നു ്. റേഷൻ സാധങ്ങൾ ഉൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കളും, സോപ്പ്, ബെഡ്ഷീറ്റ്, ടൗവൽ, തലയിണ പോലെയുള്ള മറ്റ് അവശ്യവസ്തുക്കളും എത്തിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചു. മുഖാവരണങ്ങൾ, സാനിറ്റൈസർ, സോപ്പ്, മരുന്ന് എന്നിവ എത്തിക്കുന്നതിൽ വനപാലകർ അതീവശ്രദ്ധ പുലർത്തുന്നു.

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ കോളനിവാസികൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുന്നതിന് ആരോഗ്യവകുപ്പ്, പട്ടികവർഗ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവരുമായി ചേർന്ന് അനുയോജ്യമായ നടപടികളാണ് എടുത്തു വരുന്നത്. ഇതിനായി വകുപ്പിന്റെ വാഹനങ്ങളും വിട്ടുനൽകു ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനാവശ്യമായ വിവരശേഖരണ ജോലികളും പുരോഗമിച്ചു വരുന്നു.

കൊറോണ പ്രതിരോധ പ്രോട്ടോകോൾ സംബന്ധിച്ച കൂടുതൽ വിവരങ്ങളും സാമൂഹിക അകലവും വ്യക്തിശുചിത്വവും പാലിക്കുന്നത് സംബന്ധിച്ചുള്ള

ബോധവൽക്കരണവും നടത്തുന്നതിന് വനപാലകർ മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. ആദിവാസി ഊരുകൾ നിരന്തരം സന്ദർശിച്ച് ആരോഗ്യ പ്രശ്നമുള്ളവരെ സംബന്ധിച്ച വിവരങ്ങൾ ആരോഗ്യ പ്രവർത്തകർക്ക് നൽകുന്നു ്. വയനാട്, പാലക്കാട് മേഖലകളിലെ അതിർത്തികൾ വഴി എത്തുന്ന അതിഥി തൊഴിലാളികളെ നിരീക്ഷിക്കുന്നതിനും അങ്ങനെയുള്ളവരെ ക ത്തി ഐസൊലേഷനിൽ പാർപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വാളയാറിലെ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ കോവിഡ് ഐസൊലേഷൻ കേന്ദ്രമായി വിട്ടു നൽകിയിട്ടു ്.

കാട്ടിനുള്ളിലെ അനധികൃതവാറ്റിനുള്ള സാധ്യത പരിഗണിച്ച് എക്സൈസ് വകുപ്പുമായി ചേർന്ന് വനമേഖലകളിൽ പരിശോധകൾ വകുപ്പ് കർശനമാക്കി. അതിർത്തി സംസ്ഥാനങ്ങളിലെ സ്ഥലങ്ങളിൽനിന്നും മടങ്ങിയെത്തുന്ന തൊഴിലാളികളുടെ കണക്കുകൾ ശേഖരിക്കുന്നതിനും പരിശോധന നടത്തുന്നതിന് ആരോഗ്യവകുപ്പിന് ആവശ്യമായ സഹായങ്ങൾ ഒരുക്കി നൽകുന്നതിനും വനം വകുപ്പ് മുൻകൈ എടുക്കുന്നു. പൊതുസ്ഥലങ്ങൾ അണുവിമുക്തമാക്കുക പ്രവർത്തനങ്ങളിലും വകുപ്പ് ക്രിയാത്മകമായി ഇടപെടുന്നു ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി അതത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെയും വൈൽഡ് ലൈഫ് വാർഡൻമാരേയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുെ ന്ന് മുഖ്യ വനം മേധാവി പി.കെ. കേശവൻ അറിയിച്ചു.

(പിഎൻപി 1438/20)




.

# പത്തനംതിട്ട ജില്ല
# കോവിഡ് 19 കൺട്രോൾ സെൽ ബുള്ളറ്റിൻ
# തീയതി.29.03.2020

.................................................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന്(29)പുതിയ കേസുകൾ ഒന്നും കണ്ടെത്തിയിട്ടില്ല.

പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.

ഇന്നത്തെ(29) സർവൈലൻസ് ആക്ടിവിറ്റികൾ വഴി ഒരു സെക്കൻഡറി കോൺടാക്ടിനെ പുതുതായി കണ്ടെത്തി.

ജനറൽ ആശുപത്രി പത്തനംതിട്ടയിൽ 11 പേരും, ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ ആറു പേരും, ജനറൽ ആശുപത്രി അടൂരിൽ ഒരാളും നിലവിൽ ഐസൊലേഷനിൽ ഉണ്ട്.

സ്വകാര്യ ആശുപത്രികളിൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ മൂന്നു പേർ ഐസൊലേഷനിൽ ഉണ്ട്.

ആകെ 21 പേർ വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ ഉണ്ട്.

ഇന്ന് (29) പുതിയതായി നാലു പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

കഴിഞ്ഞ ന്യൂസ് ബുള്ളറ്റിനുശേഷം മൂന്നു പേരെ ഡിസ്ചാർജ് ചെയ്തു. ഇതുവരെ 80 പേരെ ഡിസ്ചാർജ് ചെയ്തിട്ടുണ്ട്.

വീടുകളിൽ 415 പ്രൈമറി കോൺടാക്ടുകളും 180 സെക്കൻഡറി കോൺടാക്ടുകളും നിരീക്ഷണത്തിൽ ആണ്. നിലവിൽ വിദേശത്തു നിന്നും തിരിച്ചെത്തിയ 3933 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3216 പേരും വീടുകളിൽ നിരീക്ഷണത്തിലാണ്. വിദേശത്ത് നിന്നും തിരിച്ചെത്തിയ രണ്ടു പേരെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 128 പേരേയും നിരീക്ഷണത്തിൽ നിന്നും വിടുതൽ ചെയ്തു. ആകെ 7744 പേർ വീടുകളിൽ നിരീക്ഷണത്തിലാണ്.

ഇന്ന് (29) ജില്ലയിൽ നിന്നും 39 സാമ്പിളുകൾ ഉൾപ്പെടെ ആകെ 546 സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചു. കഴിഞ്ഞ ബുള്ളറ്റിനുശേഷം 29 നെഗറ്റീവ് പരിശോധന ഫലം ലഭിച്ചിട്ടുണ്ട്.

ജില്ലയിൽ ഇന്നു(29)വരെ അയച്ച സാമ്പിളുകളിൽ 12 എണ്ണം പൊസിറ്റീവായും 337 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

117 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലയുടെ അതിരുകളിൽ 147 ടീമുകൾ ഇന്ന്(29) ആകെ 4709 യാത്രികരെ സ്ക്രീൻ ചെയ്തു. ഇവരിൽ രോഗലക്ഷണങ്ങൾ ഉള്ള മൂന്നു പേരെ ക ത്തി. ഇവരെ പരിശോധിച്ച ശേഷം ര ു പേരുടെ സാമ്പിൾ എടുക്കുകയും ഹോം ഐസൊലേഷനിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ആകെ 4228 പേർക്ക് ബോധവത്ക്കരണം നൽകി.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 92 കോളുകളും, ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 104 കോളുകളും ലഭിച്ചു. വിദേശ രാജ്യങ്ങളിൽ നിന്ന് എത്തിയവരെ സംബന്ധിച്ച് 21 കോളുകൾ ലഭിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരെ സംബന്ധിച്ച് 11 കോളുകൾ ലഭിച്ചു. ക്വാറന്റൈനിൽ കഴയേ ആളുകൾ പുറത്തിറങ്ങി നടക്കുന്നത് സംബന്ധിച്ച് ഒരു കോൾ ലഭിക്കുകയും വിവരം ജില്ലാ പോലീസ് മേധാവിക്ക് കൈമാറുകയും ചെയ്തു.

ര ു ഗവൺമെന്റ് ആരോഗ്യസ്ഥാപനങ്ങളിൽ നടത്തിയ പരിശീലന പരിപാടിയിൽ ആകെ മൂന്നു ഡോക്ടർമാർ, 11 നഴ്സുമാർ, 24 മറ്റ് ജീവനക്കാർ എന്നിവർ ഉൾപ്പെടെ 38 പേർക്ക് പരിശീലനം നൽകി.

614 അതിഥി തൊഴിലാളികളെ ലേബർ വകുപ്പിന്റെ സഹകരണത്തോടുകൂടി സ്ക്രീനിംഗിന് വിധേയമാക്കി. ഇവരിൽ ര ു പേരിൽ രോഗലക്ഷണങ്ങൾ ക ത്തി ഇവരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

ഇന്ന്(29) ഗൃഹസന്ദർശന പരിപാടിയിൽ പങ്കെടുത്ത വോളന്റിയർമാർ ആകെ 3840 വീടുകൾ സന്ദർശിച്ചു.

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കളക്ട്രേറ്റിലെ ഓഫീസുകൾ, സ്റ്റെയർകെയ്സ്, എന്നിവ അണുനശീകരണം നടത്തി.

ജില്ലയിലെ മുഴുവൻ ഡോക്ടർമാർക്കും ലഹരി വിമുക്ത ചികിത്സ സംബന്ധിച്ച പരിശീലനം വീഡിയോ കോൺഫറൻസിലൂടെ നൽകി.

ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം ആറിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്നു.